**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 977** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യ നീതി വകുപ്പ് ഭിന്നശേഷിക്കാർക്ക് നടപ്പിലാക്കുന്ന പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്‌റഫലി ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സാമൂഹ്യ നീതി വകുപ്പ് ഭിന്നശേഷിക്കാർക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സാമൂഹികനീതി വകുപ്പ് ഭിന്നശേഷിക്കാർക്കു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ, അനുവദിക്കുന്ന തുക എന്നിവ അനുബന്ധം-1 ആയി ചേർക്കുന്നു.

**(ബി)** ഓരോ പദ്ധതിയിലും നിലവിൽ എത്ര മാസത്തെ കുടിശ്ശികയാണുള്ളത് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2025-26 വർഷം കുടിശ്ശിക വന്നിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു.

**(സി)** കുടിശ്ശികയായിട്ടുള്ള തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** കുടിശ്ശിക വന്നിട്ടുള്ള തുക നടപ്പു വർഷത്തെ ഭരണാനുമതി തുകയിൽ നിന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**(ഡി)** പദ്ധതി പ്രകാരമുള്ള തുക കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** ബജറ്റിൽ വകയിരുത്തുന്ന ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതി തുക കാലാനുസൃതമായി പരിഷ്കരിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം – 1**

1. **അതിജീവനം പദ്ധതി :–** ഭിന്നശേഷിക്കാരുടെ പുനരധിവാസം, ജീവിത നൈപുണ്യപ്രവർത്തനങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം തുടങ്ങിയവക്ക് പര്യാപ്തമായ സേവനങ്ങൾ NGO സഹകരണത്തോടുകൂടി ഉറപ്പുവരുത്തുന്ന സമഗ്ര പദ്ധതിയാണ് അതിജീവനം സമഗ്ര പദ്ധതി.

2. **പ്രത്യാശ പദ്ധതി :–** സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ഷേമ സ്ഥാപനങ്ങളിലേയും, NGO കൾ നടത്തുന്ന സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിലും നിയന്ത്രണവിധേയമായിട്ടും സ്വന്തം വീടുകളിൽ പോകുവാനോ കുടുംബത്തെ കണ്ടെത്തുവാനോ കഴിയാത്ത അന്യസംസ്ഥാനക്കാരെ സ്വദേശത്തേയ്ക്ക് എത്തിയ്ക്കുന്ന പദ്ധതിയാണ് പ്രത്യാശ പദ്ധതി.

3. മാനസിക രോഗാശുപത്രിയിലെ ചികിത്സ കഴിഞ്ഞ് ബന്ധുക്കളാരും ഏറ്റെടുക്കാനില്ലാത്തവരും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മാനസികനിലതെറ്റി എത്തപ്പെടുന്ന സ്ത്രീകളെ പുനരധിവസിപ്പിക്കുന്ന തിരുവനന്തപുരം ജില്ലയിലെ അഭയയുടെ കീഴിലുള്ള **"ശ്രദ്ധഭവനം കെയർ ഹോമിന്" ഒറ്റത്തവണ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി.**

4. **സൈക്കോസോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി :–** മാനസിക വെല്ലുവിളിനേരിടുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി സർക്കാർ അംഗീകാരത്തോടെ പ്രവർത്തിച്ചു വരുന്ന എൻ.ജി.ഒ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിയ്ക്കുന്ന പദ്ധതിയാണ് സൈക്കോസോഷ്യൽ – ഗ്രാന്റ് ഇൻ –എയ്ഡ് പദ്ധതി.

5. **റിക്കവറി ഫെസിലിറ്റേഷൻ യൂണിറ്റ് ( RFU) ഡേ കെയർ പ്രോജക്ട്:–** മാനസികരോഗ വിമുക്തരായവരുടെ പുനരധിവാസത്തിന്റെ ഭാഗമായി 2017 ഫെബ്രുവരി മുതൽ കോഴിക്കോട് IMHANS ന്റെ മേൽ നോട്ടത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഡേ കെയർ സെന്റർ പ്രവർത്തിച്ചുവരുന്നു.

6. **വിദ്യാകിരണം**:– ഭിന്നശേഷിക്കാരായ രക്ഷകർത്താക്കളുടെ ഒന്നാം ക്ലാസ് മുതൽ പി.ജി വരെ പഠിക്കുന്ന മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി.

7. **പരിരക്ഷ**:– അപകടങ്ങൾ, ആക്രമണങ്ങൾ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് ധനസഹായം നൽകാനുള്ള പദ്ധതി.

8. **പരിണയം**:– ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്കും ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കും ഒറ്റത്തവണ 30,000/–രൂപ വിവാഹധനസഹായം അനുവദിക്കുന്ന പദ്ധതി.

9. **മാതൃജ്യോതി**:– ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനു പ്രതിമാസം 2000 രൂപവീതം ആദ്യ രണ്ടു വർഷം ധനസഹായം നൽകുന്ന പദ്ധതി.

10. **സ്വാശ്രയ**:– തീവ്രമായ മാനസിക– ശാരീരിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കുന്ന ബി.പി.എൽ. കുടുംബത്തിൽപ്പെട്ടമാതാവിന്/രക്ഷകർത്താവിന് സ്വയം തൊഴിൽ
ആരംഭിക്കുന്നതിനായി ഒറ്റതവണയായി 35,000/– രൂപ ധനസഹായം നൽകുന്ന പദ്ധതി.

11. **സഹചാരി**:– ഭിന്നശേഷിക്കാരായ കുട്ടികളെ സഹായിക്കുന്ന NCC/NSS/SPC യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി.

12. **ഇംപ്രസ്റ്റ് മണി**:- വഴിയോരത്ത് ഉപേക്ഷിക്കപ്പെട്ടവരും അനാഥരും അശരണരുമായവരെ പുനരധിവസിപ്പിക്കുന്ന സാഹചര്യങ്ങളിൽ നേരിടുന്ന അടിയന്തിര-ചെലവുകൾക്കായി ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്ക് കരുതൽ നിധിയായി ഇംപ്രസ്റ്റ് മണി ഇനത്തിൽ ഒരു ജില്ലയ്ക്ക് 50,000/- രൂപ ക്രമത്തിൽ അനുവദിച്ചു വരുന്നു.

13. ഭിന്നശേഷികാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനും സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള പദ്ധതി.

14. **SNAC/LLC Working fund**:- നാഷണൽ ട്രസ്റ്റ് നിയമം, 1999 പ്രകാരം ഓട്ടിസം, സെറിബ്രൽ പാൾസി, ബൗദ്ധിക വെല്ലുവിളി, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവയുള്ളവർക്ക് നിയമപരമായ രക്ഷാകർതൃത്വം നൽകുക എന്നതാണ് ജില്ലാ ലോക്കൽ ലെവൽ (LLC)) കമ്മിറ്റിയുടെ പ്രധാന ചുമതല. ആയതിന്റെ പ്രവർത്തന ആവശ്യങ്ങൾക്കായി സാമൂഹ്യ നീതി വകുപ്പ് ഫണ്ട് അനുവദിച്ചുവരുന്നു.

15. **ന്യൂ പ്രതീക്ഷാഭവൻ:**- ബൗദ്ധിക വെല്ലിവിളി നേരിടുന്ന പുരുഷന്മാർക്കുള്ള പുനരധിവാസ കേന്ദ്രം NGO സഹകരത്തോടെ കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്നു.

16. **Govt VTC കോഴിക്കോട് & തിരുവനന്തപുരം**:- വകുപ്പിന് കീഴലുള്ള ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ.ടി തൊഴിൽ പരിശീലന കേന്ദ്രങ്ങളിലെ കോഴ്സ് നടത്തിപ്പിന് ഓരോ വർഷവും തുക അനുവദിക്കുന്നു.

17. **NIDAS -NISH Online Interactive DisabilityAwareness Seminar:**- ഭിന്നശേഷിക്കാർക്കും അവരെ പരിചരിക്കുന്നവർക്കുമുള്ള awareness programmes NISH മായി സഹകരിച്ച് നടപ്പിലാക്കുന്നു. ഓരോ വർഷത്തേയും പദ്ധതി നിർവ്വഹണത്തിന് തുക അനുവദിക്കുന്നു.

18. **സഹജീവനം സ്നേഹഗ്രാമം:**- എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനം.

19. മലപ്പുറം പ്രതീക്ഷാ ഭവൻ, കോഴിക്കോട് HMDC എന്നിവിടങ്ങളിലെ താമസക്കാർക്ക് IMHANS മുഖേന സൈക്കോ സോഷ്യൽ സപ്പോർട്ട് നൽകുന്ന പദ്ധതി.

20. **പ്രിയ ഹോം**:- ബൗദ്ധിക വെല്ലുവിളി നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനം. കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്നു.

21. **പുനർജനി കെയർ ഹോം**:- മാനസിക രോഗ ബാധിതരായ അട്ടപ്പാടി മേഖലയിലെ പട്ടിക വർഗ്ഗ വിഭാഗത്തിലെ വ്യക്തികളെ പുനരധിവസിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്ന സ്ഥാപനം.

22. ഗവ. ആശാഭവൻ & പ്രത്യാശ ഭവൻ എന്നീ സ്ഥാപനങ്ങളിലെ താസക്കാർക്ക് സോഷ്യൽ വർക്ക് സ്ഥാപനങ്ങളുടെ സഹായത്തോടെ സൈക്കോ സോഷ്യൽ കെയർ സപ്പോർട്ട് നൽകുന്ന പദ്ധതി.

23. **സംയോജിത പുനരധിവാസ ഗ്രാമം പദ്ധതി**:- ഭിന്നശേഷിക്കാരായ വ്യക്തികളുടെ സമഗ്ര പുനരധിവാസം ലക്ഷ്യമിട്ട് അന്തരാഷ്ട്ര നിലവാരത്തിൽ സംസ്ഥാനത്ത് പുനരധിവാസ ഗ്രാമം നിർമ്മിക്കുന്ന പദ്ധതി. മലപ്പുറം ജില്ലയിൽ പുനരധിവാസഗ്രാമ നിർമ്മാണത്തിന്റെ ആദ്യ ഘട്ടം ആരംഭിച്ചിട്ടുണ്ട്.

24. **വിദ്യാ ജ്യോതി**:- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരായ ഒൻപതാം ക്ലാസ്സ് മുതൽ PG തലം വരെയുള്ള വിദ്യാർത്ഥികൾക്ക് പഠന അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

25. **വിദൂര വിദ്യാഭ്യാസത്തിനുള്ള ധനസഹായം**:- പഠനം നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ കഴിയേണ്ടി വരുന്ന ഭിന്നശേഷിക്കാരായവർക്ക് ഓപ്പൺ സ്കൂൾ /കോളേജ്, വിദൂര വിദ്യാഭ്യാസം എന്നീ

സംവിധാനങ്ങളിലൂടെ ഡിഗ്രി തലത്തിലും പി.ജി തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വർഷം പരമാവധി 10,000/-രൂപ ധനസഹായം നൽകുന്ന പദ്ധതി.

26. **വിജയാമൃതം** :- ബിരുദം/തത്തുല്യ കോഴ്സുകൾ, പി.ജി., പ്രൊഫഷണൽ കോഴ്സുകൾ എന്നിവയിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിന് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

27. **ശ്രേഷ്ഠം:-** കലാ കായിക ഇനങ്ങളിൽ മികവ് പുലർത്തുന്ന ഭിന്നശേഷിക്കാർക്ക് സംസ്ഥാനത്തെ /രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

28. ഭിന്നശേഷിക്കാരായ കായിക താരങ്ങൾക്കുള്ള കായിക പദ്ധതി:-കായിക താരങ്ങളായ ഭിന്നശേഷിക്കാർക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് (യാത്ര, ഭക്ഷണം, താമസം, മറ്റ് അനുബന്ധ സൗകര്യങ്ങൾ) ധനസഹായം നൽകുന്ന പദ്ധതി.

29. **അൻപ് വീട് പദ്ധതി (Respite Home):**- ബൗദ്ധിക ഭിന്നശേഷിയുള്ള വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും ആവശ്യമായ പിന്തുണയും സംരക്ഷണവും ഉറപ്പാക്കുന്നതിനും മാതാപിതാക്കളോ നിയമപരമായ രക്ഷിതാക്കളോ ചികിത്സ, ആശുപത്രി വാസം, യാത്ര, ഒഴിവാക്കാനാവാത്ത മറ്റ് സാഹചര്യങ്ങളിൽ ആയിരിക്കുമ്പോൾ ഭിന്നശേഷിയുള്ള വ്യക്തികളുടെ
സുരക്ഷിതമായപരിചരണം ഉറപ്പാക്കുന്നതിനുമായി സർക്കാർ അംഗീകൃത താത്കാലിക സംരക്ഷണം ഉറപ്പാക്കുന്ന പദ്ധതി. ഒരു ദിവസത്തെ സംരക്ഷണചെലവായ 1500/- രൂപ സർക്കാർ അനുവദിക്കുന്നു.

30. **CDMRP**:- സമൂഹത്തിൽ പ്രത്യേക പരിഗണനയും, പരിചരണവും ആവശ്യമുള്ള ബുദ്ധിവികാസ വൈകല്യമുള്ളവർക്ക് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡിസബിലിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് വൈകല്യങ്ങളുടെ പ്രതിരോധം, ചികിത്സാ പുനരധിവാസ പരിശീലന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ സൈക്കോളജി വിഭാഗത്തിന്റെ സഹകരണത്തോടെ സാമൂഹ്യനീതി വകുപ്പ് 2015-16 സാമ്പത്തിക വർഷം മുതൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് CDMRP (Community Disability Management and Rehabilitation Programme).

31. **ബാരിയർ ഫ്രീ കേരള:-** ഭിന്നശേഷിക്കാരെ സമൂഹത്തിന്റ മുഖ്യധാരയിൽ എത്തിക്കുന്നതിനും അവകാശ അധിഷ്ഠിത സാമൂഹ്യമുന്നേറ്റം ഉറപ്പാക്കുന്നതിനുമായി പൊതു കെട്ടിടങ്ങളും സർക്കാർ ഓഫീസുകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ബാരിയർ ഫ്രീ കേരള.

32. **ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ:-** പ്രതിബന്ധമുക്ത നിർമ്മാണവുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ വിവിധ വകുപ്പുകൾക്കും, സ്ഥാപനങ്ങൾക്കും ആവശ്യമായ സാങ്കേതിക പിന്തുണയും ഗൈഡൻസും നൽകുന്നതിനും, സ്ഥാപനങ്ങളിലെ ജീവനക്കാർക്കും, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കും ബാരിയർ ഫ്രീ നോം സംബന്ധിച്ച് ആവശ്യമായ പരിശീലനം നൽകുന്നതിനും വേണ്ടി ഒരു ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ (BFCC) തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിങ്ങ് ടെക്നോളജിയുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ളതും ആയതിന് ഫണ്ട് അനുവദിച്ച് വരുന്നതുമാണ്.

33. **പ്രചോദനം പദ്ധതി:-** ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര വികസനത്തിനായി തൊഴിൽ പരിശീലനം, നൈപുണ്യവികസനം എന്നിവ നൽകുന്ന സന്നദ്ധ സംഘടനകൾക്ക് സർക്കാർ സഹായം അനുവദിക്കുന്നതിനായി വകുപ്പ്

ആവിഷ്കരിച്ച് നടപ്പിലാക്കിയ പുതിയ പദ്ധതിയാണ് പ്രചോദനം പദ്ധതി. സർക്കാർ അംഗീകരിച്ച SOP, കരിക്കുലം എന്നിവയുടെ അടിസ്ഥാനത്തിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ 14 ജില്ലകളിലും ഒരു സ്ഥാപനം എന്ന രീതിയിൽ പൈലറ്റ് അടിസ്ഥാനത്തിൽ 2025-26 വർഷം ആരംഭിച്ച പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ എന്നി ജില്ലകളിലായി 10 NGO കളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കി വരുന്നു.

34. **<u>മൊബിലിറ്റി മിഷൻ:</u>**- സെറിബ്രൽ പാൾസി മുതലായ ചലന പരിമിതി ഉള്ള കുട്ടികൾക്ക് corrective സർജറി തുടർ ചികിത്സ എന്നിവ ഉറപ്പാക്കുന്ന പദ്ധതി.

35. **<u>ഭിന്നശേഷി സംസ്ഥാന അവാർഡ്:-</u>** ഭിന്നശേഷിവ്യക്തികളെ ആദരിക്കുന്നതിനും ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ അവാർഡ് നൽകി വരുന്നു.

ഓരോ പദ്ധതിക്കും നടപ്പ് വർഷം വകയിരുത്തിയ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിക്കുന്ന തുക |
|---|---|---|
| 1 | അതിജീവനം പദ്ധതി | 2,20,00,000/- |
| 2 | പ്രത്യാശ പദ്ധതി | 39,09,018/- |
| 3 | "ശ്രദ്ധഭവനം കെയർ ഹോമിന്" ഒറ്റത്തവണ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി. | 10,20,000/- |
| 4 | സൈക്കോസോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി | 7,34,30,923/- |
| 5 | റിക്കവറി ഫെസിലിറ്റേഷൻ യൂണിറ്റ് ( RFU) ഡേ കെയർ പ്രോജക്ട് | 39,36,423/- |
| 6 | വിദ്യാകിരണം | 2,60,00,000/- |
| 7 | പരിരക്ഷ | 45,00,000/- |
| 8 | പരിണയം | 98,00,000/- |
| 9 | മാതൃജ്യോതി | 17,00,000/- |
| 10 | സ്വാശ്രയ | 65,80,000/- |
| 11 | സഹചാരി | 2,80,000/- |
| 12 | ഇംപ്രസ്റ്റ് മണി | 5,00,000/- |
| 13 | ഭിന്നശേഷികാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനും സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള പദ്ധതി. | 1,05,33,036/- |
| 14 | SNAC/LLC Working fund | 63,03,122/- |

| | | |
|---|---|---|
| 15 | ന്യൂ പ്രതീക്ഷാഭവൻ | 54,94,800/- |
| 16 | Govt VTC കോഴിക്കോട് & തിരുവനന്തപുരം | 73,35,837/- |
| 17 | NIDAS | 34,82,283/- |
| 18 | സഹജീവനം സ്നേഹഗ്രാമം | 1,21,85,255/- |
| 19 | മലപ്പുറം പ്രതീക്ഷാ ഭവൻ, കോഴിക്കോട് HMDC എന്നിവിടങ്ങളിലെ താമസക്കാർക്ക് IMHANS മുഖേന സൈക്കോ സോഷ്യൽ സപ്പോർട്ട് നൽകുന്ന പദ്ധതി. | 60,26,000/- |
| 20 | പ്രിയ ഹോം | 30,92,000/- |
| 21 | പുനർജനി കെയർ ഹോം | 36,06,420/- |
| 22 | ഗവ. ആശാഭവൻ & പ്രത്യാശ ഭവൻ എന്നീ സ്ഥാപനങ്ങളിലെ താസക്കാർക്ക് സോഷ്യൽ വർക്ക് സ്ഥാപനങ്ങളുടെ സഹായത്തോടെ സൈക്കോ സോഷ്യൽ കെയർ സപ്പോർട്ട് നൽകുന്ന പദ്ധതി. | 46,96,740/ |
| 23 | സംയോജിത പുനരധിവാസ ഗ്രാമം പദ്ധതി | 5,32,94,000/- |
| 24 | വിദ്യാ ജ്യോതി | 7,50,000/- |
| 25 | വിദൂര വിദ്യാഭ്യാസത്തിനുള്ള ധനസഹായം: | 2,00,000/- |
| 26 | വിജയാമൃതം | 5,50,000/- |
| 27 | ശ്രേഷ്ഠം | 5,00,000/- |
| 28 | ഭിന്നശേഷിക്കാരായ കായിക താരങ്ങൾക്കുള്ള കായിക പദ്ധതി | 17,72,800/- |
| 29 | അൻപ് വീട് പദ്ധതി (Respite Home) | 1,00,00,000/- |
| 30 | CDMRP | 65,64,700/- |
| 31 | ബാരിയർ ഫ്രീ കേരള: | 84,38,515/- |
| 32 | ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ | 38,22,000/- |
| 33 | പ്രചോദനം പദ്ധതി | 1,38,78,760/- |

# അനുബന്ധം – 2

2025–26 വർഷം കുടിശ്ശിക വന്നിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | 2025–26 വർഷം കുടിശ്ശിക വന്ന തുക |
|---|---|---|
| 1 | അതിജീവനം പദ്ധതി | 80,96,666/– |
| 2 | പ്രത്യാശ പദ്ധതി | 9,79,518/– |
| 3 | "ശ്രദ്ധഭവനം കെയർ ഹോമിന്" ഒറ്റത്തവണ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി. | 10,20,000/– |
| 4 | സൈക്കോസോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി | 2,26,05,659/ |
| 5 | വിദ്യാകിരണം | 30,54,500/– |
| 6 | പരിരക്ഷ | 22,21,216/– |
| 7 | പരിണയം | 30,00,000/– |
| 8 | മാതൃജ്യോതി | 5,39,247/– |
| 9 | സ്വാശ്രയ | 42,00,000/– |
| 10 | സഹചാരി | 6130/– |
| 11 | ഇംപ്രസ്റ്റ് മണി | 36,299/– |
| 12 | ഭിന്നശേഷികാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനും സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള പദ്ധതി. | 44,080/– |
| 13 | SNAC/LLC Working fund | 3,89,182/– |
| 14 | ന്യൂ പ്രതീക്ഷാഭവൻ | 9,20,012/– |
| 15 | Govt VTC കോഴിക്കോട് | 1,92,362/– |
| 16 | NIDAS –NISH Online Interactive DisabilityAwareness Seminar | 5,26,857/– |
| 17 | മലപ്പുറം പ്രതീക്ഷാ ഭവൻ, കോഴിക്കോട് HMDC എന്നിവിടങ്ങളിലെ താമസക്കാർക്ക് IMHANS മുഖേന സൈക്കോ സോഷ്യൽ സപ്പോർട്ട് നൽകുന്ന പദ്ധതി. | 8,46,688/– |